LIBRARY ARCHIVES Kerala Legislative Assembly

പുതുതായി നിർമ്മിച്ച പാലങ്ങൾ

83 (832) ശ്രീ. സന്ദീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-16-ലെ സർക്കാരിന്റെ കാലയളവിൽ എത്ര പാലങ്ങൾ പുതുതായി നിർമ്മിച്ചു എന്ന വിവരം ലഭ്യമാക്കാമോ?

2011-16-ലെ സർക്കാരിന്റെ കാലയളവിൽ പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിൻ കീഴിൽ 20 പാലങ്ങളും പാലങ്ങൾ വിഭാഗത്തിനു കീഴിൽ 130 പാലങ്ങളും റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിന്റെ കീഴിൽ 19 പാലങ്ങളും ഉൾപ്പെടെ ആകെ 169 പാലങ്ങൾ പുതുതായി നിർമ്മിച്ചിട്ടുണ്ട്.

(ബി) 2016-21-ലെ സർക്കാരിന്റെ കാലയളവിൽ എത്ര പാലങ്ങൾ പുതുതായി നിർമ്മിച്ചു എന്ന വിവരം ലഭ്യമാക്കാമോ?

2016-21-ലെ സർക്കാരിന്റെ കാലയളവിൽ പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിൻ കീഴിൽ 9 പാലങ്ങളും പാലങ്ങൾ വിഭാഗത്തിനു കീഴിൽ 128 പാലങ്ങളും റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിന്റെ കീഴിൽ 6 പാലങ്ങളും ഉൾപ്പെടെ ആകെ 143 പാലങ്ങൾ പുതുതായി നിർമ്മിച്ചിട്ടുണ്ട്.

രാമന്തളി - രണ്ട് തെങ്ങ്- പാണ്ഡ്യാലക്കടവ്, അഴീത്തല പാലങ്ങളുടെ നിർമ്മാണം

84 (833) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ മണ്ഡലത്തിൽ തീരദേശ ഹൈവേയുടെ ഭാഗമായ രാമന്തളി - രണ്ട്തെങ്ങ്- പാണ്ഡ്യാലക്കടവ്, അഴീത്തല പാലങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടി ഇപ്പോൾ ഏതുഘട്ടത്തിലാണെന്നും പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണോദ്ഘാടനം എന്ന് നടത്താൻ കഴിയുമെന്നും വ്യക്തമാക്കാമോ?

തൃക്കരിപ്പൂർ മണ്ഡലത്തിൽ തീരദേശ ഹൈവേയുടെ ഭാഗമായ രണ്ട്തെങ്ങ്-പാണ്ഡ്യാലക്കടവ്, അഴീത്തല എന്നീ പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. ഡിസൈനും ഡി.പി.ആർ.-ഉം തയ്യാറാക്കി ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ ലഭ്യമാക്കി ടെണ്ടർ നടത്തുന്നമുറയ്ക്ക് നിർമ്മാണോദ്ഘാടനം നടത്താൻ കഴിയും.